കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-എയ്ഡഡ് സ്കൂൾ നിയമനങ്ങളിലെ ഒഴിവുകളിൽ 1995 ലെ PWD ACT ലെ സെക്ഷൻ 33 പ്രകാരം ശാരീരികാവശതയനുഭവിക്കുന്നവർക്ക് 3% സംവരണം ഏർപ്പെടുത്തുന്നതിന് ആവശ്യമായ നിയമഭേദഗതി വരുത്തുന്നത്- ശ്രീമതി. ജസിത.കെ.എൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 30334/13 ലെ. 16/10/14 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ(കൈ) നം.155/16/പൊവിവ തീയതി, തിരുവനന്തപുരം.09/09/2016

---

പരാമർശം:- ശ്രീമതി. ജസിത.കെ.എൻ, ദേവിക, (പൊന്നാനി ഈസ്റ്റ് (പി.ഒ), കണ്ണൂർ ജില്ല ഫയൽ ചെയ്ത 30334/13 നം. റിട്ട് പെറ്റീഷനിൽ 16/10/14 ലെ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

**ഉത്തരവ്**

സുപ്രീംകോടതിയുടെ 08/10/2013 ലെ SLP 7541/09 ലെ വിധിന്യായം സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബാധകമാണെന്നും അതിൻ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മേഖലയിലെ നിയമനങ്ങളിൽ 1995 ലെ PWD (person with disabilities) ACT , സെക്ഷൻ 33 പ്രകാരം ശാരീരിക അവശതയുള്ള വിഭാഗങ്ങൾക്ക് 3% സംവരണം ഏർപ്പെടുത്തുന്നതിനായി സർക്കാർ നയം രൂപീകരിക്കണമെന്നും ഇതിനായി എയ്ഡഡ് മാനേജ്മെന്റുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും [Hon'ble Supreme Court in Union of India & Another Vs National Federation of Blind & others 2013 (10) SCC772] പരാമർശത്തിലെ വിധിപ്രകാരം ഉത്തരവായിട്ടുണ്ട്. ഡിസ്എബിലിറ്റീസ് ആക്ടിലെ സെക്ഷൻ 2 (കെ) യുടെ എസ്റ്റാബ്ലിഷ്മെന്റ് എന്ന നിർവചനത്തിന്റെ പരിധിയിൽ എയ്ഡഡ് സ്കൂൾ വരുന്നതാണെന്നും പ്രസ്തുത സിംഗിൾ ബഞ്ച് നിഗമനത്തിലെത്തിയിട്ടുണ്ട്.

1995 ലെ PWD ACT സെക്ഷൻ 33 ൽ തസ്തികകളിലെ സംവരണത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. കാഴ്ചശക്തികുറഞ്ഞവർ/അന്ധർ, ശ്രവണശക്തി ഇല്ലാത്തവർ, ചലനവൈകല്യമുള്ളവർ/സെറിബ്രൽ പാൾസി (cerebral palsy) എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് (പ്രസ്തുത വിഭാഗങ്ങൾക്ക് 1% എന്ന നിരക്കിൽ) 3% ൽ കുറയാത്ത തസ്തികൾ എല്ലാ എസ്റ്റാബ്ലിഷമെന്റ് വിഭാഗത്തിലും സർക്കാർ കണ്ടെത്തി നിയമിക്കണമെന്നും നിഷ്കർഷിക്കുന്നു.

മറുപുറം....

സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രണത്തിലുള്ളതോ അഥവാ സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ സ്ഥാപനങ്ങൾ, സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന അംഗീകൃതവിദ്യാഭ്യാസ സ്ഥാപനങ്ങൾ (എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ) എന്നിവയെല്ലാം പ്രസ്തുത ആക്ടിലെ സെക്ഷൻ 2(കെ)യിലെ എസ്റ്റാബ്ളിഷ്മെന്റിന്റെ നിർവചനത്തിൽപ്പെടുന്നു. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ / സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിയമനങ്ങളിൽ ശാരീരിക അവശതയനുഭവിക്കുന്ന വിഭാഗങ്ങൾക്ക് 3% ൽ കുറയാതെയുള്ള തസ്തിക സംവരണം ചെയ്യണമെന്നും പ്രസ്തുത ആക്ടിലെ സെക്ഷൻ 33 അനുശാസിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 1995 ലെ PWD ACT സെക്ഷൻ 33 ൽ അനുശാസിക്കുന്ന പ്രകാരം എയ്ഡഡ് സ്കൂളുകളിൽ ഓരോ വിഭാഗത്തിലും കണ്ടെത്തിയിട്ടുള്ള തസ്തികകളിലെ 3% ഒഴിവുകളിൽ ശാരീരികാവശതകൾ നേരിടുന്ന വിഭാഗങ്ങൾക്ക് സംവരണം നൽകുവാനായി 1958 ലെ കേരള വിദ്യാഭ്യാസ ആക്ട്, വകുപ്പ് 11 ലും, 1959 ലെ കേരള വിദ്യാഭ്യാസ ചട്ടം അധ്യായം 14 (എ) ചട്ടം 1 ലും ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. ഹൈക്കോടതിയുടെ 16/10/2014 ലെ 30334/13 നം. റിട്ട് പെറ്റീഷനിലെ വിധിന്യായം ഇപ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.പി.എം.മുഹമ്മദ് ഹനീഷ്
സെക്രട്ടറി

പകർപ്പ്:

ശ്രീമതി. ജസിത.കെ.എൻ, ദേവിക, പൊന്നാനി ഈസ്റ്റ് (പി.ഒ), കണ്ണൂർ ജില്ല
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസഡയറക്ടർ,തിരുവനന്തപുരം
എല്ലാഡെപ്യൂട്ടിഡയറക്ടർമാർക്കും/ജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
നിയമവകുപ്പ് / സാമൂഹ്യനീതി വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ